| 07-09-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

## മധുരമായ കുട്ടികളേ- വിചാരസാഗര മഥനം ചെയ്ത് ശ്രീകൃഷ്നും പരമാത്മാ ശിവനും തമ്മിലുള്ള മുഖ്യമായ വ്യത്യാസങ്ങളെ സ്പഷ്ടമാക്കു. (ശ്രീകൃഷ്ണ ജന്മാഷ്ടമി സംബന്ധിതം)

**ചോദ്യം:-** ബ്രഹ്മാബാബ സ്വയം തന്നോടുതന്നെ എന്തെല്ലാമാണ് സംസാരിച്ചിരുന്നത്? ബ്രഹ്മാബാബയ്ക്ക് അത്ഭുതകരമായി തോന്നിയത് എന്താണ്?

**ഉത്തരം:-** ബ്രഹ്മാബാബ തന്നോടുതന്നെ സംസാരിക്കുമായിരുന്നു- എന്താണ് സംഭവിക്കുന്നത് എന്നറിഞ്ഞുകൂടാ, ശിവബാബയുടെ ഓർമ്മ ഇടക്കിടെ മറന്നുപോകുന്നു. ഇനി ഇങ്ങനെയാണോ, എപ്പോൾ ബാബ പ്രവേശിക്കുന്നുവോ അപ്പോൾ ഓർമ്മയുണ്ട്, ബാബ പോകുമ്പോൾ ഓർമ്മയും ഇല്ലാതാകുന്നു? പക്ഷേ ഞാൻ ബാബയുടെ കുട്ടിയാണ്, ഓർമ്മ മറക്കുന്നത് എന്തുകൊണ്ടാണ്? എന്താ എന്റെ ഓർമ്മയിലൂടെ തന്നെയാണോ ബാബ വരുന്നത്? ഇങ്ങനെ ഇങ്ങനെ ബാബ തന്നോടുതന്നെ സംസാരിച്ച് അത്ഭുതപ്പെടുമായിരുന്നു.

*ഗീതം:-* അങ്ങ് സ്നേഹസാഗരനാണ്....

**ഓം ശാന്തി**. ശിവബാബയിരുന്ന് തന്റെ തിരികെക്കിട്ടിയ കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ് ഗീതയുടെ ഭഗവാൻ ആരാണ്? എന്തുകൊണ്ടെന്നാൽ ഈ സമയത്ത് ഭാരതം മുഴുവൻ അജ്ഞാനത്തിന്റെ അന്ധകാരമാണ്. ഇതിനെയാണ് ഘോരാന്ധകാരം, അജ്ഞാനാന്ധകാരം എന്നു പറയുന്നത്. ഇനി ജ്ഞാനത്തിന്റെ വെളിച്ചം വേണം. പരമപിതാ പരമാത്മാവിനെയാണ് മനുഷ്യർ ജ്ഞാനസാഗരനായും നോളേജ്ഫുള്ളുമായും അംഗീകരിക്കുന്നത്. ശരി, പരമാത്മാവ് ജ്ഞാനസാഗരമാണ്, എങ്കിൽ പരമാത്മാവിൽ നിന്ന് എന്താണ് ലഭിക്കുന്നത്? നദിയിൽ നിന്ന് വെള്ളം ലഭിക്കുന്നു അപ്പോൾ അത് കോരിയെടുത്ത് സ്നാനം ചെയ്യുന്നു. നിങ്ങൾക്ക് ജ്ഞാനസാഗരനിൽ നിന്നും എന്താണ് ലഭിക്കുന്നത്? ഒരു തുള്ളി. അച്ഛൻ വന്ന് കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ്- ഞാൻ ജ്ഞാനസാഗരമാണ്, നിങ്ങൾക്ക് ഒരു തുള്ളി നൽകുന്നു. എങ്ങിനെയുള്ള തുള്ളി? പിന്നീട് പറയുന്നു- ഞാൻ നിങ്ങളുടെ അച്ഛനാണ്. നിങ്ങൾ എന്നെ ഓർമ്മിക്കൂ. മനസ്സിലാക്കു നമ്മൾ നമ്മുടെ ശാന്തീധാമം സുഖധാമത്തിലേയ്ക്ക് പോവുകയാണ്.

ജ്ഞാനസാഗരൻ ഒരു സെക്കന്റിൽ ജീവന്മുക്ത വൈകുണ്ഠത്തിലേയ്ക്ക് അയയ്ക്കുന്നു. വീട്ടിൽ ഇരിക്കുമ്പോഴും ദിവ്യദൃഷ്ടി നൽകുന്നു. മനുഷ്യരാണെങ്കിൽ പരസ്പരം അടുത്തിരിക്കെ ദൃഷ്ടി നൽകുന്നു. ബാബയാണെങ്കിൽ വീട്ടിലിരിക്കെത്തന്നെ സാക്ഷാത്ക്കാരം ചെയ്യിക്കുന്നു. ഒരുതുള്ളി ലഭിക്കുന്നതിലൂടെതന്നെ നിങ്ങൾ ഇവിടെനിന്നു രക്ഷപ്പെടുന്നു. നിങ്ങൾ ഇവിടെ ഇരിക്കെ ഇരിക്കെ വൈകുണ്ഠത്തിലെത്തിച്ചേരുന്നു. ഇപ്പോൾ അച്ഛൻ ഇരുന്നു മനസ്സിലാക്കിത്തരുകയാണ്. ഗീതയുടെ ഭഗവാൻ ആരാണ്? അത് ജ്ഞാനസാഗരനായ നിരാകാരനാണ്. മനുഷ്യനാണെങ്കിൽ ശ്രീകൃഷ്ണനാണെന്ന് പാടുന്നു. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കണം ശ്രീകൃഷ്ണൻ ജ്ഞാനം കേൾപ്പിച്ചിട്ടില്ല. ആദ്യം പറയും ശ്രീകൃഷ്ണൻ മാതാവിന്റെ ഗർഭത്തിൽ നിന്നും ജന്മമെടുത്തു. കംസപുരിയായിരുന്നു. പിന്നീട് ശബ്ദം കേട്ടു- ഹേ, കംസാ നിന്നെ വധിക്കുന്നയാൾ വന്നിരിക്കുന്നു. എല്ലാവരും അസുരന്മാരാണെന്നറിയാം. കംസൻ, ജരാസന്ധൻ, അകാസുരൻ, ബകാസുരൻ സർവ്വപാപാത്മാക്കളുടേയും വിനാശം ചെയ്യാനാണ് കൃഷ്ണന്റെ ജന്മമെന്നു കാണിക്കുന്നു. അതിനാൽ ശ്രീകൃഷ്ണൻ ജന്മമെടുത്തു. കൃഷ്ണൻ ചെറുതായിരുന്നു. എങ്കിൽ ജ്ഞാനമെപ്പോഴാണ് നൽകിയത്? യുദ്ധമൈതാനത്തിൽ കൃഷ്ണന്റെ വലിയരൂപം കാണിക്കുന്നു, കുട്ടിയായല്ല കാണിക്കുന്നത്. അതുപോലെ കൃഷ്ണ ജയന്തിക്കുശേഷം ഗീതാജയന്തി കാണിക്കുന്നു. കുറച്ച് സമയങ്ങൾക്ക് ശേഷം വലുതായപ്പോൾ ജ്ഞാനം നൽകിയിട്ടുണ്ടാകും. ജന്മമെടുത്തതായും കാണിക്കുന്നു. രാത്രി സമയമാണെന്നും കാണിക്കുന്നു. ഇവിടെ നിങ്ങൾ കാണുന്നുണ്ട് ശിവബാബ വന്നിരിക്കുകയാണ്. എപ്പോഴാണ് പ്രവേശിച്ചത് എന്ന് ആർക്കും അറിയില്ല. ശിവബാബ കുട്ടിയായിട്ടില്ല. ബാബ വൃദ്ധവാനപ്രസ്ഥ അവസ്ഥയിലാണ് വരുന്നത്. എപ്പോഴാണ് വന്നത് എന്ന തിയതി ഇല്ല. കൃഷ്ണൻ ഗർഭത്തിൽ നിന്ന് ജന്മമെടുത്തതിനാൽ തിയതിയും സമയവും എല്ലാം ഉണ്ട്. ശിവബാബ ജ്ഞാനസാഗരനാണ്. ബാബയ്ക്ക് ബാലകനാകേണ്ട ആവശ്യമില്ല, വലുതായിട്ട് ജ്ഞാനം കേൾപ്പിക്കാൻ. കൃഷ്ണൻ മനുഷ്യനായിരുന്നു. മനുഷ്യനെ ജ്ഞാനസാഗരൻ എന്നു പറയില്ല. കൃഷ്ണന്റെ ജന്മം തന്നെ സ്വർഗ്ഗത്തിലാണുണ്ടാകുന്നത്. കൃഷ്ണന് ആരെയും രാജയോഗം പഠിപ്പിക്കാൻ കഴിയില്ല, എന്തുകൊണ്ടെന്നാൽ കൃഷ്ണൻ സ്വയം രാജാവാണ്. നിങ്ങൾക്ക് അറിയാം നിരാകാരനായ അച്ഛൻ വന്നാണ് രാജയോഗം പഠിപ്പിക്കുന്നത്. പതിതരെ പാവനവും രാജാക്കന്മാരുടേയും

രാജാവാക്കിയും മാറ്റാൻ വേണ്ടി.

ആ പരിധിയുള്ള രാത്രിയും പകലും പോലെ ഈ പരിധിയില്ലാത്ത രാത്രിയുടേയും പകലിന്റേയും അർത്ഥത്തിന് വ്യത്യാസമുണ്ട്. ഇത് സംഗമമാണ് ഇപ്പോൾ ബ്രഹ്മാവിന്റെ രാത്രി പൂർത്തിയായി ബ്രഹ്മാവിന്റെ പകൽ ആരംഭിക്കുകയാണ്. ഇത് പരിധിയില്ലാത്ത രാത്രി, അജ്ഞാനാന്ധകാരമാണ്. സത്യയുഗത്തിൽ വെളിച്ചമാണ്. ആ രാത്രിയുടെ കാര്യമല്ല. അവർ കൃഷ്ണന്റെ ജനനം രാത്രിയിൽ ആഘോഷിക്കുന്നു. അത് പരിധിയുള്ള കാര്യമാണ്, ഇത് പരിധിയില്ലാത്തതും. ബാബ പറയുന്നു ഞാൻ വരുന്നുണ്ട്. എനിക്ക് തിയതിയും സമയവുമൊന്നുമില്ല. കൃഷ്ണനും രാമനുമൊക്കെ തിയതിയും സമയവുമുണ്ട്. മുഖ്യമായത് രണ്ടുപേരാണ്.

ഇപ്പോൾ കൃഷ്ണജയന്തി വരാൻപോവുകയല്ലേ. കൃഷ്ണൻ ചെറിയകുട്ടിയായിരുന്നു എന്ന് അവർക്ക് മനസ്സിലാക്കിക്കൊടുക്കണം. രാത്രിയും പകലും ബ്രഹ്മാവിനാണ് പാടപ്പെട്ടിട്ടുള്ളത്. ബ്രഹ്മാവിന്റെ പകൽ കൃഷ്ണനാണ്, ബ്രഹ്മാവിന്റെ രാത്രി ബ്രഹ്മാവാണ്. ബ്രഹ്മാവ് തന്നെയാണ് വീണ്ടും കൃഷ്ണനാകുന്നത്. കൃഷ്ണന്റെ പകൽ അല്ലെങ്കിൽ കൃഷ്ണന്റെ രാത്രി എന്ന് പറയാറില്ല. അവർ മനസ്സിലാക്കുന്നു കൃഷ്ണൻ ഭഗവാനാണ്, ഇപ്പോൾ വന്നിരിക്കുകയാണ്. അതിനാൽ ഇതിനെക്കുറിച്ചും മനസ്സിലാക്കിക്കൊടുക്കണം. നിങ്ങളുടേത് ശിവജയന്തിയാണ് അല്ലെങ്കിൽ ശിവരാത്രി എന്നും പറയാം. ശിവജയന്തി എന്നു പറയുന്നത് ശരിയാണ്. ഇതും മനസ്സിലാക്കിക്കൊടുക്കണം. ബാബ ഗർഭത്തിലേയ്ക്ക് വരുന്നില്ല. സാധാരണ ശരീരത്തിലാണ് വരുന്നത്. കൃഷ്ണന് 8 പരമ്പര ഉണ്ടാകും. ചെറുപ്പത്തിൽ മോഹനൻ അല്ലെങ്കിൽ കൃഷ്ണൻ എന്നാണ് അവരെ വിളിച്ചിരുന്നത്. എങ്ങനെയാണോ മുഴുവൻ വിശ്വത്തിന്റേയും രാജകുമാരൻ അതുപോലെ ഇന്ദ്രപ്രസ്ഥത്തിലെ രാജകുമാരനായിരുന്നു. പിന്നീട് രാജകുമാരനിൽ നിന്നും രാജാവാകും. കൃഷ്ണൻ എന്നല്ല മഹാരാജാവ് എന്നാണ് പാടുന്നത്. കിംഗ് എന്നത് ഇംഗ്ലീഷാണ്, യഥാർത്ഥത്തിൽ മഹാരാജാ– മഹാറാണിയാണ്. നാരായണൻ ജ്ഞാനം നൽകി എന്നുമല്ല. സ്വയംവരത്തിനുശേഷം ശ്രീകൃഷ്ണൻ ശ്രീനാരായണനാകുന്നു. ഇപ്പോൾ ഈ ജ്ഞാനസാഗരനായ ശിവബാബയുടെ പേരാണെങ്കിൽ മാറുന്നില്ല. ഒരേ ഒരു പേരേയുള്ളൂ. ബാബയുടെ രഥം വലുതാണ്. വരുമ്പോൾ തന്നെ ജ്ഞാനം കേൾപ്പിക്കാൻ ആരംഭിക്കുന്നു. ബ്രഹ്മാബാബയ്ക്ക് ഒന്നും അറിയില്ലായിരുന്നു. മനസ്സിലാകുന്നുണ്ട് ബ്രഹ്മാബാബയിൽ വന്നിരിക്കുകയാണ്, സാക്ഷാത്ക്കാരവും ചെയ്യിക്കുന്നു. ജ്ഞാനം നൽകുകയാണ്. ഈ സാക്ഷാത്ക്കാരങ്ങളുടെ രഹസ്യം അഥവാ ഈ ജ്ഞാനം തുടക്കത്തിൽ മനസ്സിലാകുമായിരുന്നില്ല. ബാബ തന്റെ അനുഭവം പറയുകയാണ്– തുടക്കത്തിൽ ബനാറസിലേയ്ക്ക് പോകുമ്പോൾ ചുമരിൽ ഗോളം വരയ്ക്കുമായിരുന്നു. ഇത് എന്താണ്, എന്ന് മനസ്സിലാകില്ലായിരുന്നു. എന്തുകൊണ്ടെന്നാൽ കുട്ടികളേപ്പോലെയായി മാറി. പുതിയ ജന്മമെടുത്തില്ലേ. പറയാറില്ലേ– ബാബാ, ഞങ്ങൾ അങ്ങയുടെ 8–10 മാസം പ്രായമുള്ള കുട്ടികളാണെന്ന് അതുപോലെ ഞാനും കുട്ടിയായി മാറി. അതിനാൽ തുടക്കത്തിൽ ഒന്നും മനസ്സിലാകില്ല. ആ ജ്ഞാനത്തിൽ കാര്യങ്ങൾ മുഴുവൻ വ്യത്യസ്തമായിരുന്നു. തലങ്ങും വിലങ്ങും എന്തെല്ലാമാണ് ഇരുന്ന് പുറത്ത് വിടുന്നത്. ഇപ്പോഴാണെങ്കിൽ പഠിച്ച് പഠിച്ച് എത്ര വർഷങ്ങളായി! ഇപ്പോൾ അച്ഛൻ പറയുന്ന കാര്യങ്ങൾ മനസ്സിലാകുന്നുണ്ട്. കുട്ടികൾ കൃഷ്ണജയന്തിയെക്കുറിച്ച് മനസ്സിലാക്കിക്കൊടുക്കണം. ചിത്രവും നല്ലതുണ്ട്. വൃക്ഷത്തിൽ ബ്രഹ്മാവിന്റെ ചിത്രവുമുണ്ട്. വെണ്ണ ഇവർക്കാണ് ലഭിക്കുന്നത്. വിശ്വത്തിന്റെ അധികാരമാണ് വെണ്ണ. കൃഷ്ണൻ സത്യയുഗത്തിന്റെ പ്രാലബ്ധവുമായാണ് വന്നിരിക്കുന്നത്. ശ്രീകൃഷ്ണനാണ് സത്യയുഗത്തിലെ ആദ്യത്തെ രാജകുമാരൻ പിന്നീട് അവരുടെ കുട്ടികൾ രാജകുമാരന്മാരാകും. ഇതാണ് കൃഷ്ണന്റെ പ്രാലബ്ധം അത് കലിയുഗത്തിൽ ഉണ്ടായിരുന്നില്ല. എങ്കിൽ ഈ സൂര്യവംശീ പ്രാലബ്ധം ആരാണ് ഉണ്ടാക്കിത്തന്നത്? പാടുന്നുണ്ട്– ജ്ഞാനസൂര്യൻ ഉദിച്ചു, അജ്ഞാനാന്ധകാരം വിനാശമായി. ജ്ഞാനസാഗരൻ ശിവബാബയാണ്. ബാബ വന്നിരിക്കുകയാണ് വന്ന് സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്തുകൊണ്ടിരിക്കുകയാണ്. വ്യത്യാസം പറഞ്ഞുകൊടുക്കണം. കൃഷ്ണനെങ്ങനെ ഗീത കേൾപ്പിക്കാൻ കഴിയും, കൃഷ്ണൻ ബാലകനാണ്. ഗർഭത്തിലാണ് വരുന്നത്. അവിടെ കംസനും ജരാസന്ധനുമൊക്കെ ഉണ്ടായിരുന്നതായി കാണിക്കുന്നു. എന്നാൽ അവിടെ അസുരന്മാരുണ്ടാവുക അസാധ്യമാണ്. അസുരന്മാരുടേയും ദേവതകളുടേയും യുദ്ധം കാണിക്കുന്നു. തീർച്ചയായും മഹാഭാരതയുദ്ധമാണ് നടക്കുക. ദേവതകൾ ഇവിടെയുണ്ടാവില്ല. അസുരന്മാർ അസുരന്മാരുമായി യുദ്ധം ചെയ്യുന്നു. മുസ്ലീങ്ങളുടെ രാജ്യവും കാണുന്നുണ്ട്. യാദവരും കൗരവരും പാണ്ഢവരും ഉണ്ട്.

പാണ്ഢവർ യോഗബലമുള്ളവരും അഹിംസകരുമാണ്. ഇവിടെയാണെങ്കിൽ രക്തപ്പുഴകൾ ഒഴുകിക്കൊണ്ടിരിക്കും. ശത്രുതയിലാണല്ലോ. വിഭജനസമയത്തും നല്ലതുപോലെ രക്തപ്പുഴ ഒഴുകിയിരുന്നല്ലോ. സഹോദരങ്ങൾ തമ്മിൽ യുദ്ധം ചെയ്തു, സഹോദരങ്ങളാണല്ലോ. അവരാണ് യുദ്ധം ചെയ്യുന്നത്, ഇല്ലെങ്കിൽ

പിന്നെങ്ങനെ രക്തത്തിന്റെ നദിയൊഴുകും? ഇവിടെ ആളുകൾ കൊലപാതകം ചെയ്യുന്നു. വാളുകൾ പ്രയോഗിക്കുന്നു അപ്പോഴാണ് രക്തം ഒഴുകുന്നത്. പിന്നെയുള്ളത് ഈ സംഗമസമയമാണ്. രക്തത്തിന്റെ നദികൾക്ക് ശേഷം നെയ്യൊഴുകുന്ന നദികളുണ്ടാകും. കൃഷ്ണൻ ചെറിയ രാജകുമാരനാണ്. പിന്നീട് ഇരുന്ന് കൃഷ്ണന്റേയും ഗ്ലാനി ചെയ്യുന്നു. കൃഷ്ണനെ ജ്ഞാനസാഗരൻ എന്നു പറയാൻ കഴിയില്ല. സർവ്വഗുണ സമ്പന്നൻ, മര്യാദാ പുരുഷോത്തമൻ.... എന്നിങ്ങനെയാണ് ദേവതകൾക്ക് മഹിമ പാടുന്നത് ഈ മഹിമകൾ കുട്ടികൾക്ക് ഉണ്ടാവില്ല. രാജാവിനും റാണിക്കുമാണ് എപ്പോഴും മഹിമ ലഭിക്കുന്നത്. അവർ പിന്നെ ലക്ഷ്മീ നാരായണനെ സത്യയുഗത്തിലും ശ്രീകൃഷ്ണനെ ദ്വാപരത്തിലേയ്ക്കും കൊണ്ടുവന്നു. എത്രവലിയ തെറ്റാണ് ചെയ്തിരിക്കുന്നത്! ലക്ഷ്മീ നാരായണന്റെ ചെറുപ്പകാലത്തിലെ കഥ ആർക്കും പറയാൻ കഴിയില്ല. രാമ സീതയേക്കുറിച്ച് കുറച്ച് എന്തെങ്കിലും പറയുന്നുണ്ട്. കൃഷ്ണനെക്കുറിച്ചും തലതിരിഞ്ഞ കാര്യങ്ങൾ പറയുന്നു. കുറച്ച് കഥകൾ ശരിയായിട്ടുള്ളതും പറയൂ. ലക്ഷ്മീ നാരായണന് മഹിമ പാടുന്നുണ്ട്– സർവ്വഗുണ സമ്പന്നൻ, മര്യാദാപുരുഷോത്തമൻ, അഹിംസോ പരമോധർമ്മം......... ശരി, അവർക്ക് രാജ്യമാരാണ് നൽകിയത്? മനുഷ്യന്റെ പേര് കേട്ട് സംശയിക്കുന്നു. ലക്ഷ്മീ നാരായണൻ എന്ന് പറയുമ്പോഴേക്കും നിങ്ങൾ സ്വർഗ്ഗത്തിലെത്തുന്നു. ഇത് നരനിൽ നിന്നും നാരായണനാകുന്നതിനുള്ള കഥയാണ്. കൃഷ്ണനാകുന്നതിനുള്ള കഥ എന്നല്ല പറയുന്നത്, ഇതിനെ സത്യനാരായണന്റെ കഥ എന്നാണ് പറയുന്നത്. സത്യകൃഷ്ണന്റെ കഥ എന്ന് പറയാറില്ല. സത്യമായ ബാബ ജ്ഞാനസാഗരൻ ഈ കഥ കേൾപ്പിക്കുകയാണ്. മുഴുവൻ സൃഷ്ടിയുടേയും ആദി മദ്ധ്യ അന്ത്യത്തിന്റെ കഥയാണ്. അതിൽ ശ്രീ ലക്ഷ്മീ നാരായണന്റെ കഥയും വരുന്നു. അവരുടെ 84 ജന്മങ്ങളുടെ കഥ കാണിക്കുന്നു. ശ്രീ നാരായണൻ വലുതല്ലേ. സ്വയംവരത്തിന് മുമ്പ് ആരായിരുന്നു? എന്താ ലക്ഷ്മീ നാരായണൻ എന്ന പേരായിരുന്നോ അതോ മറ്റെന്തെങ്കിലും പേരുണ്ടായിരുന്നോ? ഉണ്ടായിരുന്നു രാധാ–കൃഷ്ണൻ, അവരുടെ സ്വയംവരത്തിനുശേഷം ലക്ഷ്മീ നാരായണൻ എന്ന് പേരുവെച്ചു. ബാബ ഇങ്ങനെയുള്ള പോയന്റുകൾ നൽകുന്നു അത് നിങ്ങൾ വിചാരസാഗര മഥനം ചെയ്യണം. ആദ്യത്തെ തെറ്റ് ഇതാണ്. നിങ്ങൾക്ക് അറിയാം ഇപ്പോൾ കലിയുഗമാണ്. യാദവരും കൗരവരും പാണ്ഡവരുമുണ്ട്. കലിയുഗത്തിന്റെ സമയമാണ്. കലിയുഗത്തിനുശേഷം തീർച്ചയായും സത്യയുഗം വരും. ബാബ പറയുന്നു– ഞാൻ വഴികാട്ടിയായി വന്നിരിക്കയാണ്, രാവണന്റെ പിടിയിൽ നിന്നും രക്ഷിച്ച് തിരികെ കൊണ്ടുപോകാൻ. ആത്മാക്കളെത്തന്നെയാണ് കൊണ്ടുപോകുന്നത്. ആത്മാവും പരമാത്മാവും വേറിട്ടിരുന്നു ഒരുപാടു കാലം.... എന്ന് പാടുന്നുണ്ട് കൃഷ്ണൻ വളരെക്കാലം വേറിട്ടിരുന്നു എന്നല്ല പാടുന്നത്. മഹിമ മുഴുവൻ നിരാകാരനാണ്– എപ്പോൾ സദ്ഗുരുവിനെ ദല്ലാളായി ലഭിച്ചോ അപ്പോൾ വളരെ സുന്ദരമായ മിലനം ഉണ്ടായി. ഇവിടെയാണെങ്കിൽ എല്ലാവരും ഗുരുക്കന്മാരാണ്. പാടുന്നു– സദ്ഗുരുവിനെ ദല്ലാളായി ലഭിച്ചു......... സത്യമായ പരമപിതാ പരമാത്മാവിനെ ദല്ലാളിന്റെ രൂപത്തിൽ ലഭിക്കുന്നു. കച്ചവടം ദല്ലാളിലൂടെയാണ് നടക്കുന്നത്. ഇവിടെയും വിവാഹനിശ്ചയം നടക്കുകയാണ്. ആത്മാവും പരമാത്മാവും വേറെയാണ്. പരമാത്മാവ് നിരാകാരനാണ് ബാബ ബ്രഹ്മാശരീരത്തിൽ വന്ന് നിങ്ങളുമായി വിവാഹനിശ്ചയം നടത്തുന്നു. സ്വയം ദല്ലാളായി മാറുന്നു. പറയുന്നു പരമപിതാ പരമാത്മാവായ എന്നെ ഓർമ്മിക്കൂ. ഈ ശരീരത്തിൽ ഇരുന്ന് പറയുകയാണ് എന്നെമാത്രം ഓർമ്മിക്കൂ. ഞാൻ നിങ്ങളെ മായാരാവണനിൽ നിന്നും രക്ഷിച്ച് കൂടെ കൊണ്ടുപോകും, നിങ്ങൾക്ക് പിന്നീട് രാജ്യം നൽകി ഞാൻ നിർവ്വാണത്തിൽ ചെന്നിരിക്കും. കൃഷ്ണൻ ഇങ്ങനെ പറയുമോ. ഇതാണ് ആത്മാവും പരമാത്മാവും. കൃഷ്ണൻ ചെറിയ കുട്ടിയാണ്. കാര്യങ്ങൾ വളരെയുണ്ട് മനസ്സിലാക്കിക്കൊടുക്കാൻ. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് എങ്ങനെയാണ് ബ്രഹ്മാവിൽ പ്രവേശിച്ചത്? പിന്നീട് മനസ്സിലാക്കാൻ തുടങ്ങി– ഞാൻ രാജാക്കന്മാരുടേയും രാജാവായി മാറും. വിഷ്ണുവിന്റെ സാക്ഷാത്ക്കാരമുണ്ടായപ്പോൾ മനസ്സിൽ വളരെ അധികം സന്തോഷമുണ്ടായി. പിന്നീട് വിനാശത്തിന്റെ സാക്ഷാത്ക്കാരവുമുണ്ടായി. പക്ഷേ ഇത്രത്തോളം മനസ്സിലായില്ല. ഇപ്പോൾ മനസ്സിലാകുന്നുണ്ട് ബാബ ഈ സാക്ഷാത്ക്കാരം കാണിച്ചുതന്നു– നീ നരനിൽ നിന്നും നാരായണനായി മാറും. പക്ഷേ ആ സമയത്ത് അത്രത്തോളം മനസ്സിലായില്ല. ബാബ രാത്രി പറയാറുണ്ട്– എന്തുകൊണ്ടാണെന്ന് അറിയില്ല ശിവബാബയെ ഓർമ്മിക്കാൻ മറന്നുപോകുന്നു. പോയിന്റ്സ് കേൾപ്പിക്കുമ്പോൾ ഫീൽ ആകുന്നുണ്ട്– പരിധിയില്ലാത്ത അച്ഛൻ വന്ന് കേൾപ്പിക്കുകയാണെന്ന്. പക്ഷേ ഞാൻ സ്വയം മറന്നുപോകുന്നു. എന്താ എന്റെ ഓർമ്മയിലൂടെ തന്നെയാണോ വരുന്നത്? ഇങ്ങനെ പറയാം– ഞാൻ മിനിറ്റിന് മിനിറ്റിന് ഓർമ്മിക്കുന്നു. വരുന്നത് ഇവരിലാണെങ്കിൽ എല്ലാവരുടേയും മംഗളം അതിലൂടെയുണ്ടാകുന്നു. ഓർമ്മതന്നെയാണ് മുഖ്യമാകുന്നത്. വരട്ടെ, വരാതിരിക്കട്ടെ, ബാബയെ തീർച്ചയായും ഓർമ്മിക്കണം. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ഗീതാജയന്തിക്കുശേഷമാണ് കൃഷ്ണജയന്തി ഉണ്ടാകുന്നത്. ആദ്യം ശിവജയന്തി പിന്നെ ഗീതാജയന്തി പിന്നീടാണ് കൃഷ്ണജയന്തി. ശിവനാണ് വലുത്. വന്നു പെട്ടെന്ന് തന്നെ ഗീത കേൾപ്പിച്ചു. ചെറുതല്ലല്ലോ. ഈ കാര്യങ്ങളിൽ വിചാരസാഗര മഥനം ചെയ്യണം– എങ്ങനെ നമുക്ക് മനസ്സിലാക്കിക്കൊടുക്കാം?

ആദ്യം ചിന്തിക്കൂ ആരെയാണ് ശിവനെന്നു പറയുന്നത്, ആരുടെ രാത്രിയാണ് ആഘോഷിക്കുന്നത്. സത്യ യുഗമാണ് ശ്രീകൃഷ്ണന്റെ രാജധാനി. നരനിൽ നിന്നും നാരായണനായി മാറുന്നതിനുള്ള ജ്ഞാനം തീർച്ച യായും അച്ഛനാണ് നൽകുക, അച്ഛനാണ് നോളേജ്ഫുൾ. ബാക്കി ആരെയും നോളേജ്ഫുൾ എന്ന് പറ യാൻ കഴിയില്ല. ഈശ്വരൻ നോളേജ്ഫുള്ളും രചയിതാവും ബീജരൂപനുമാണ്. ഈശ്വരൻ തന്നെയാണ് ഡ്രാമയുടെ ജ്ഞാനം പറഞ്ഞുതരുന്നത്. ഡ്രാമ എപ്പോഴാണ് ആരംഭിക്കുന്നത് പിന്നീട് എപ്പോഴാണ് പൂർത്തി യാകുന്നത്, ഇതാർക്കും അറിയില്ല. സത്യയുഗം മുതൽ കലിയുഗാന്ത്യം വരെ ലോകത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും എങ്ങനെയാണ് ആവർത്തിക്കുന്നത്– ഇത് ആർക്കും മനസ്സിലാക്കിത്തരാൻ കഴിയില്ല. ത്രികാലദർശിയായവർക്കേ കേൾപ്പിക്കാൻ കഴിയൂ. ത്രികാലദർശിയായി കേവലം ഒരാളല്ലാതെ മറ്റാരുമില്ല. അവർ തന്നെയാണ് നിങ്ങളെ ത്രികാലദർശിയാക്കി മാറ്റുന്നത്. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:–

1) മാസ്റ്റർ നോളേജ്ഫുള്ളും ത്രികാലദർശിയുമായി മാറി ശ്രീകൃഷ്ണന്റേയും പരമാത്മാ ശിവന്റേയും മുഖ്യമായ അന്തരങ്ങൾ സ്പഷ്ടമാക്കി ഘോരാന്ധകാരത്തിൽ നിന്നും മുക്തമാക്കുന്നതിനുള്ള സേവനം ചെയ്യണം.

2) ബാബ നൽകുന്ന പോയന്റുകളെക്കുറിച്ച് വിചാരസാഗരമഥനം ചെയ്യണം. എങ്ങനെ മറ്റുള്ളവർക്ക് മന സ്സിലാക്കിക്കൊടുക്കാം എന്ന് ചിന്തിക്കണം.

## വരദാനം:– ബുദ്ധിയുടെ അദ്ഭുതത്തിലൂടെ ആകാരത്തിൽ സാകാരത്തിന്റെ അനുഭവം ചെയ്യുന്ന ദിലാരാമന്റെ പ്രിയതമയായി ഭവിക്കൂ

പല കുട്ടികളും വൈകി വന്നിട്ടും ആകാര രൂപത്തിലൂടെയും സാകാരത്തിന്റെ അനുഭവം ചെയ്യുന്നു. ഇങ്ങ നെയുള്ള അനുഭവത്തോടെ പറയുന്നു ഞങ്ങൾ സാകാരത്തിൽ പാലന നേടിയിട്ടുണ്ട് ഇപ്പോഴും നേടി ക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് ആകാര രൂപത്തിലും സാകാരത്തിന്റെ അനുഭവം ചെയ്യുക ഇത് ബുദ്ധി യുടെ ലഹരിയുടെ, സ്നേഹത്തിന്റെ പ്രത്യക്ഷ സ്വരൂപമാണ്. ഇതും ബുദ്ധിയുടെ അദ്ഭുതത്തിന്റെ തെളി വാണ്. ഇങ്ങനെയുള്ള കുട്ടികൾ തന്നെയാണ് ദിലാരാമനായ ബാബയുടെ സമീപം ദിലാരാമന്റെ പ്രിയത മകൾ അവരുടെ ഹൃദയത്തിൽ സദാ ഈ ഗീതം പാടിക്കൊണ്ടിരിക്കും ആഹാ എന്റെ ബാബാ ആഹാ.

## സ്ലോഗൻ:– ത്യാഗി ആത്മാവിന്റെ ഓരോ കർമ്മം അല്ലെങ്കിൽ ചുവടിലും സഫലത അട ങ്ങിയിട്ടുണ്ട്.